II ഇ.ബി. XII- കേരള നിയമസഭ/XVI-5

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ഡിസംബർ 29, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

18 (*181) **ഹരിത കേരളം-ദേവാരണ്യം പദ്ധതി**

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, വനം വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന ഹരിതകേരളം-ദേവാരണ്യം പദ്ധതിയിൻ കീഴിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 13 ക്ഷേത്രങ്ങളിൽ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്ന പരിപാടി പൂർത്തിയായിക്കഴിഞ്ഞുവെന്നും മലപ്പുറം ഡിവിഷനിൽ 33 ക്ഷേത്രങ്ങളിലും തലശ്ശേരി ഡിവിഷനിൽ 72 ക്ഷേത്രങ്ങ ളിലും പാലക്കാട് ഡിവിഷനിൽ 20 ക്ഷേത്രങ്ങളിലും കോഴിക്കോട് ഡിവിഷ നിൽ 13 ക്ഷേത്രങ്ങളിലും കാസർഗോഡ് ഡിവിഷനിൽ 11 ക്ഷേത്രങ്ങളിലും ഇത് നടപ്പാക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്നും രണ്ടാംഘട്ടമെന്ന നിലയിൽ 40,000 വൃക്ഷത്തൈകൾ കൂടി ക്ഷേത്ര ഭൂമിയിൽ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടെന്നും

സഭയെ അറിയിച്ചു. മലബാർ ദേവസ്വം ബോർഡിൽ പ്രധാന ക്ഷേത്രങ്ങളുടെ ക്ഷേത്ര ഭരണാധികാരികളുടെ യോഗം വിളിക്കുകയും പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ റീജിയണൽ ചീഫ് കൺസർവേറ്ററുമായി ബന്ധപ്പെട്ട് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന ക്ഷേത്ര ഭരണാധികാരികൾക്ക് വൃക്ഷത്തൈകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയ ക്ഷേത്രങ്ങളിൽ വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം ബോർഡ് പരിഗണിക്കുന്നുണ്ടെന്നും കൊച്ചി ദേവസ്വം ബോർഡ് ഹരിത കേരളം ദേവാരണ്യം പദ്ധതിയനുസരിച്ച് 15000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും വനം വകുപ്പിൽനിന്നും വൃക്ഷത്തൈകൾ ലഭ്യമാകുന്ന മുറയ്ക്ക് നട്ടുപിടിപ്പിക്കുമെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ഉന്നതതല യോഗത്തിന്റെ തീരുമാനമനുസരിച്ചുള്ള തുടർ നടപടികൾക്കായി ബോർഡിലെ ക്ഷേത്രാനുബന്ധ ഉദ്യോഗസ്ഥരുടെ മേൽവിലാസം വനം വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും വകുപ്പിൽ നിന്നും കൂടുതൽ വിവരങ്ങൾ/നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ആഗോളതാപനം ചെറുക്കുക, പ്രകൃതിയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ദേവസ്വം ഭൂമികളിൽ വൃക്ഷവത്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട് 23-3-2010-ൽ വനം, ദേവസ്വം വകുപ്പുമന്ത്രിമാരുടെ ഒരു സംയുക്ത യോഗം വഴുതക്കാട് ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ് "വനശ്രീ" ഹാളിൽ നടത്തി. ദേവസ്വം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 08-09-2010 ൽ ചേർന്ന യോഗം മലബാർ, തിരുവിതാംകൂർ,

കൊച്ചി, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങൾ ഒരു ലക്ഷം വൃക്ഷ ത്തൈകൾ നട്ടുപിടിപ്പിക്കണമെന്നും ഇതിനായി വനം വകുപ്പ് ഓഫീസുകളിൽ നിന്നും വൃക്ഷത്തൈകൾ ശേഖരിച്ച് അവ ഏതെല്ലാം ക്ഷേത്രങ്ങളിൽ കൊടു ക്കണമെന്ന് അതാത് ദേവസ്വം ബോർഡുകൾ/ ദേവസ്വങ്ങൾ ഒരു ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കണമെന്നും വൃക്ഷത്തൈകൾ നടുന്നതിനുള്ള പണം അതാത് ദേവസ്വം ബോർഡുകൾ/ദേവസ്വങ്ങൾ കണ്ടെത്തണമെന്നും ജല ലഭ്യത, പരിചരണം എന്നിവ ഉറപ്പുവരുത്തണമെന്നും തീരുമാനിച്ചു. ഈ സംരംഭം ഏകോപിപ്പിച്ച് മേൽനോട്ടം വഹിക്കുന്നതിന് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തി. വൃക്ഷത്തൈകൾ ശേഖരിക്കുന്നതിന് വിവിധ ദേവസ്വങ്ങൾ/ബോർഡുകൾ സമീപിക്കേണ്ട പ്രാദേശിക വനം വകുപ്പ് ഉദ്യോഗസ്ഥരുടെ വിവരം സർക്കാരിനെയും ദേവസ്വം കമ്മീഷണർമാരേയും അറിയിക്കാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഗുരുവായൂർ ദേവസ്വത്തിൽ വനവത്കരണം നടപ്പാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ലെന്നും കൂടൽമാണിക്യം ദേവസ്വം ഹരിത കേരളം-ദേവാരണ്യം പദ്ധതി നടപ്പാക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ടെങ്കിലും ഈ വർഷം ചെടികൾ ലഭ്യമല്ലാത്തതിനാൽ അടുത്ത വർഷകാലത്ത് ചെടികൾ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും അതനുസ രിച്ച് അടുത്ത മെയ്- ജൂൺ മാസങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി യെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി. തിരുവിതാംകൂർ, കൂടൽമാണിക്യം ദേവസ്വം എന്നിവിടങ്ങളിൽ പദ്ധതികൾ ആരംഭഘട്ടത്തിലാണ്. എറണാകുളം ജില്ലയിലെ ചോറ്റാനിക്കര ഭഗവതിക്ഷേത്രം, എറണാകുളം ശിവക്ഷേത്രം, കൊച്ചി പഴയന്നൂർ തുടങ്ങിയ ക്ഷേത്രങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പി ച്ചിട്ടുണ്ട്. തൃശ്ശൂർ, തൃപ്പൂണിത്തുറ, തിരുവഞ്ചിക്കുളം, തിരുവില്വാമല

ഗ്രൂപ്പുകളിലെ വിവിധ ക്ഷേത്രങ്ങളിലും ചോറ്റാനിക്കരയിലും നട്ടുപിടിപ്പിക്കുന്നതിനായി ചന്ദനം (750), കണിക്കൊന്ന (150), നാടൻ നെല്ലി(150), കൂവളം (150), അശോകം (149), ഒട്ട് നെല്ലി (150) എന്നീ പ്രകാരം ചെടികൾ വിതരണം ചെയ്തിട്ടുണ്ടെന്നും കൊച്ചി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. മരം വച്ചു പിടിപ്പിക്കുക എന്നത് ഗവൺമെന്റിന്റെ നയമായി തന്നെ സ്വീകരിച്ചിട്ടുണ്ട്. പമ്പാനദിയുൾപ്പെടെയുള്ള വിവിധ നദികളുടെ തീരത്ത് വനവൽക്കരണം നടത്തുന്നതിനായി നല്ല പ്രൊപ്പോസലുകളൊന്നും വരാത്ത സാഹചര്യത്തിൽ അതിനായി എം.എൽ.എ.മാർ മുൻകയ്യെടുത്താൽ റിവർ മാനേജുമെന്റ് ഫണ്ടിൽ നിന്നും ആവശ്യമായ തുക അനുവദിക്കാൻ കഴിയുമെന്ന് ഒരു ഉപ ചോദ്യത്തിൽ ഇടപെട്ടുകൊണ്ട് റവന്യൂ വകുപ്പുമന്ത്രിയും പമ്പയടക്കമുള്ള നദീതീരങ്ങളിൽ വനവൽക്കരണം നടത്തുന്നതിനുള്ള തൈകൾ ലഭ്യമാക്കാൻ തയ്യാറാണെന്നും നടുന്ന തൈകൾക്കുള്ള വളർച്ച ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകളുടെയും ജനങ്ങളുടെയും ബഹുജന പ്രസ്ഥാനങ്ങളുടെയും പങ്കാളിത്തം ആവശ്യമാണെന്നും കഴിഞ്ഞ സാമ്പത്തിക വർഷം 28 കാവുകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും സഭയെ അറിയിച്ചു. ക്ഷേത്രാവശ്യങ്ങൾക്കുള്ള സസ്യലതാദികൾ ക്ഷേത്രങ്ങളിൽ തന്നെ വച്ചുപിടിപ്പിക്കാനുള്ള പരിപാടികളാണ് നടപ്പിലാക്കുന്നതെന്നും ഗുരുവായൂർ ദേവസ്വത്തിന്റെ വെങ്ങാട്ട് ഗോകുലത്തിൽ വനവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുന്നതാണെന്നും. സാമ്പത്തികമായും പ്രവർത്തിതലങ്ങളിലും പ്രയാസം നേരിടുന്ന ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡ് ഗ്രാന്റ് നൽകുന്നുണ്ടെന്നും പേരാവൂരിലെ മൃദംഗശൈലേ

ശ്വരി ക്ഷേത്രത്തെ സംരക്ഷിക്കുന്ന കാര്യം മലബാർ ദേവസ്വം ബോർഡുമായി ആലോചിക്കുന്നതാണെന്നും ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി രൂപീകൃതമായ ഉന്നതാധികാര സമിതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടു ണ്ടെന്നും ഗവൺമെന്റ് ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

19 (*182) <u>പോലീസുകാർക്ക് സഹായനിധി</u>

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, പോലീസ്, ഫയർ സർവ്വീസസ്, എക്സൈസ് ജീവനക്കാർക്ക് ജോലിയുടെ ഭാഗമായി സംഭവിക്കുന്ന അത്യാഹിതങ്ങൾ, അപകടങ്ങൾ എന്നിവയെ തുടർന്ന് ചികിത്സയ്ക്കും മറ്റ് സഹായങ്ങൾക്കുമായി ഒരു നിധി രൂപീകരിക്കാൻ ഉദ്ദേശി ക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പോലീസുകാരുടെ ആരോഗ്യ സംരക്ഷ ണത്തിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ട്രെയിനിംഗിലും ദിവസേനയുള്ള പരിശീലനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി റിക്രൂട്ട് ചെയ്യുന്ന പോലീസുകാർക്ക് യോഗ ഉൾപ്പെടെയുള്ള ആധുനിക രീതിയിലുള്ള പരിശീലനങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. പോലീസുകാർക്ക് നീന്തൽ പരിശീലനം നിർബന്ധമാക്കുകയും പോലീസ് അക്കാഡമിയിൽ അതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പോലീസ് സേനാംഗങ്ങളുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് കാലതാമസം കൂടാതെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പോലീസുകാർക്ക് എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ആശുപത്രി ആരംഭി ക്കുന്ന കാര്യം നിധി സ്വരൂപിക്കുന്ന സന്ദർഭത്തിൽ ആലോചിക്കാവുന്നതാണ്.

പോലീസുകാരുടെ ജോലിഭാരവും മാനസിക പിരിമുറുക്കവും കുറയ്ക്കുന്നതിനായി ഏർപ്പെടുത്തിയ എട്ട് മണിക്കൂർ ജോലി സമ്പ്രദായം സംസ്ഥാനത്തെ 51 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും അത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിച്ച് വരികയാണെന്നും മന്ത്രി അറിയിച്ചു. പോലീസ് ക്വാർട്ടേഴ്സിൽ കൂടുതൽ പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾ ഘട്ടം ഘട്ടമായി ആധുനിക സൗകര്യങ്ങളോടുകൂടിയ പോലീസ് സ്റ്റേഷനുകൾ നിർമ്മിച്ച് അവിടേയ്ക്ക് മാറ്റുന്ന കാര്യം ആലോചിച്ച് വരികയാണെന്നും പാവറട്ടി പോലീസ് സ്റ്റേഷന്റെ കാര്യം പ്രത്യേകം പരിശോധിക്കാമെന്നും മന്ത്രി അറിയിച്ചു. വനിതാ പോലീസുകാരുടെ സൗകര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാണ് പുതിയ പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നത്. അതാത് ജില്ലകളിൽ തന്നെ വനിതാ പോലീസുകാർക്ക് ജോലി ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പോലീസ് വകുപ്പിലെ സ്പോർട്ട്സ് ക്വാട്ടാ നിയമനങ്ങൾ പുനരാരംഭിച്ചിട്ടുണ്ടെന്നും ഈ വർഷം 64 പേരെ റിക്രൂട്ട് ചെയ്യാനുള്ള നടപടി പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ടെന്നും അടുത്ത വർഷത്തേയ്ക്ക് 100 പേരെ കൂടി റിക്രൂട്ട് ചെയ്യാനുള്ള നടപടിക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും പോലീസ് വകുപ്പിൽ മൂവായിരത്തോളം ഹോം ഗാർഡുകളെ നിയമിച്ചിട്ടുണ്ടെന്നും ആവശ്യമാണെങ്കിൽ കൂടുതൽ പേരെ നിയമിക്കുന്ന കാര്യം പരിഗണിക്കാമെന്നും മന്ത്രി വ്യക്തമാക്കി. പോലീസ് വകുപ്പിലെ ഒഴിവുകൾ യഥാസമയം നികത്തി സീറോ വേക്കൻസിയുള്ള ഒരു വകുപ്പാക്കി മാറ്റാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ

സംസ്ഥാനത്ത് ഒരു ഐ.ആർ. ബറ്റാലിയൻ പുതിയതായി ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ട്രാഫിക് പോലീസുകാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ അവരുടെ ആരോഗ്യത്തെ ബാധിക്കുന്നതാണെന്നും ഇക്കാര്യ ത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണെന്നും ബാലരാമപുരത്ത് ഡ്യൂട്ടിക്കിടെയുണ്ടായ അപകടത്തിൽ മരിച്ച പോലീസ് ഉദ്യോഗസ്ഥന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാനുള്ള തീരു മാനം കൈക്കൊള്ളുന്നതാണെന്നും അടൂരിൽ ഡ്യൂട്ടിയ്ക്കിടെ മരിച്ച വനിതാ പോലീസുകാരിയുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപ ധനസഹായം നൽകി യിട്ടുണ്ടെന്നും ആശ്രിത നിയമന കാര്യത്തിൽ പരിശോധന നടത്തി ആവശ്യ മായ നടപടി സ്വീകരിക്കുന്നതാണെന്നും പോലീസ് വകുപ്പിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു കംപ്ലെയിന്റ് അതോറിറ്റി രൂപീക രിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

20 (*183) **നിയമനത്തട്ടിപ്പ് സംബന്ധിച്ച അന്വേഷണങ്ങൾക്ക് പ്രത്യേകം സെൽ**

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നിയമനത്തട്ടിപ്പ് സംബന്ധിച്ച അന്വേഷണങ്ങൾക്ക് പോലീസിൽ പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടു ണ്ടെന്ന് സഭയെ അറിയിച്ചു. പി.എസ്.സി.യുടെ ചോദ്യപേപ്പർ ചോർച്ചയു മായി ബന്ധപ്പെട്ട് രണ്ട് കേസുകൾ കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇരവിപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ കൊല്ലം ഡിവൈ.എസ്.പി അന്വേഷണം നടത്തിവരുന്നുണ്ട്. വയനാട് ജില്ലയിലെ നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കുന്നതിന് എ.ഡി.ജി.പി. യുടെ മേൽനോട്ടത്തിൽ ലോക്കൽ പോലീസും ക്രൈം ബ്രാഞ്ച് ഉദ്യോഗ

സ്ഥരും അടങ്ങുന്ന ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. ഈ കേസ്സുമായി ബന്ധപ്പെട്ട് 16 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുവെന്നും ബന്ധപ്പെട്ടവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്ന കാര്യത്തിൽ വീഴ്ചയൊന്നുമുണ്ടായിട്ടില്ലെന്നും മന്ത്രി അറിയിച്ചു. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ഭരണഘടനാ പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന സ്ഥാപനമായതിനാൽ സാധാരണ നടപടി ക്രമങ്ങളിൽ നിന്നും വ്യത്യസ്തമായ നടപടിക്രമങ്ങളാണ് തുടർന്നുവരുന്നത്. പി.എസ്.സി.യുമായി ബന്ധപ്പെട്ട കേസ്സുകളിൽ ആവശ്യമായ വിവരം ലഭ്യമാക്കുന്നതിന് പി.എസ്.സി.യോട് യൂണിറ്റ് മേധാവി മുഖാന്തിരം രേഖാമൂലം വിവരങ്ങൾ ആവശ്യപ്പെടുകയാണ് ചെയ്തുവരുന്നത്. പി.എസ്.സി മുൻ ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറി സബ് ഇൻസ്പെക്ടർ നിയമനത്തിന് കൈക്കൂലി വാങ്ങിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പി.എസ്.സി സെക്രട്ടറിയുടെ ആവശ്യപ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സതേൺ റെയ്ഞ്ച് യൂണിറ്റ് ഇതേക്കുറിച്ച് അന്വേഷണം നടത്തുകയും അദ്ദേഹത്തെ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും മറ്റൊരാൾ വിജിലൻസ് ട്രിബ്യൂണൽ അന്വേഷണം നേരിടുകയുമാണ്. എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തുകൊണ്ട് സമയബന്ധിതമായി നിയമനങ്ങൾ നടത്തണമെന്നുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്നും ഇക്കാര്യത്തിൽ വകുപ്പ് മേധാവികൾ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും എല്ലാ സർവ്വകലാശാലാ അനദ്ധ്യാപക നിയമനങ്ങളും പി.എസ്.സി.ക്ക് വിട്ടുകൊണ്ട്

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും പോലീസ് വകുപ്പിൽ പി.എസ്.സി.ക്ക് വിടാത്ത ഡ്രൈവർ തസ്തിക ഉൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും പി.എസ്. സി.ക്ക് വിടുമെന്നും .പി.എസ്.സി വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മാത്രം നിയമനങ്ങൾ നടത്തണമെന്നുള്ളതാണ് സർക്കാരിന്റെ സമീപനമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

21 (*184) **<u>ജയിൽ മോചിതരുടെ പുനരധിവാസ പദ്ധതി</u>**

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ജയിൽ മോചിതർക്ക് പുനരധിവാസ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും അവർക്കുവേണ്ടി സാമൂഹ്യ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ഒറ്റത്തവണയായി 15,000 രൂപ ധനസഹായമായി നൽകുന്ന പദ്ധതി സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പിലാക്കിവരുന്നുണ്ടെന്നും പ്രസ്തുത തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും സഭയെ അറിയിച്ചു. 2010-ലെ കേരള ജയിലുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിന്റെ അനുഛേദം 70-ൽ സംസ്ഥാനത്തെ തടവുകാരുടെ ക്ഷേമത്തിനായി ക്ഷേമനിധി നടപ്പിലാക്കുന്നതിനുള്ള വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് തടവുകാർക്ക് പരോൾ ലഭിക്കുന്നതിനുള്ള നടപടികൾ ഉദാരമാക്കിയിട്ടുണ്ടെന്നും പോലീസ് റിപ്പോർട്ടും പ്രൊബേഷൻ റിപ്പോർട്ടുമെല്ലാം ശരിയായ നിലയിൽ വരുന്ന കേസ്സുകൾക്കെല്ലാം പരോൾ നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1740 മുതൽ 2017 വരെയുള്ള ചോദ്യങ്ങളിൽ 87 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)